മഞ്ചേരി മണ്ഡലത്തിലെ സ്മിൽ പാർക്ക്

62 (1098) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരി മണ്ഡലത്തിൽ സ്മിൽ പാർക്ക് (എ.എസ്.എ.പി.) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; സ്മിൽ പാർക്ക് എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

മഞ്ചേരി മണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതനുസരിച്ച് അസാപ് കമ്മ്യൂണിറ്റി സ്മിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ജി.എച്ച്.എസ്.എസ്. പാണ്ടിക്കാട് പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത തലത്തിൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി സ്മിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ അന്തിമ ഘട്ടത്തിലാണ്. ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടന്റിനെ നിയമിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ സാധിക്കും.

ഫോക്കസ് പദ്ധതി

63 (1099) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഫോക്കസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണ്;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ 60 കുട്ടികളിൽ കുറവുമാത്രം പഠിക്കുന്ന വിദ്യാലയങ്ങളെയാണ് ഫോക്കസ് 2015 പദ്ധതിയിൽ ഉൾക്കൊള്ളിച്ചത്. അപ്രകാരം സംസ്ഥാനത്തുടനീളം 3560 വിദ്യാലയങ്ങൾ കണ്ടെത്തി. അവയിൽ 1568 വിദ്യാലയങ്ങളിൽ ഒന്നാംഘട്ടമായി പ്രവർത്തനങ്ങൾ 2014-15 വർഷം ആരംഭിച്ചു. വരുംവർഷം (2015-16-ൽ) ശേഷിക്കുന്ന വിദ്യാലയങ്ങളിൽ കൂടി പ്രസ്തുത പരിപാടി വ്യാപിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 60 കുട്ടികളിൽ താഴെ മാത്രം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുക എന്നതാണ് പ്രവർത്തന രീതി. ഫോക്കസ് വിദ്യാലയങ്ങളിലെ നിലവിലെ അവസ്ഥ പഠിക്കുക, ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തുക, സാമൂഹ്യ പങ്കാളിത്തത്തോടെ വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുക, ഭൗതികവും അക്കാദമികവുമായ വളർച്ച ഉറപ്പാക്കുക, ആവശ്യമായ പ്രത്യേക പിന്തുണ എസ്.എസ്.എ. സംവിധാനത്തിലൂടെ ലഭ്യമാക്കുക, അടുത്ത വിദ്യാഭ്യാസ വർഷം കൂടുതൽ കുട്ടികളെ ആകർഷിക്കുക എന്നിവയാണ് വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്.

(സി) ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നതിനായി അവസ്ഥാ പഠനം നടത്തി വിദ്യാലയ മികവ്/പരിമിതി നിശ്ചയിക്കുക, മാർഗ്ഗരേഖകൾ, കൈപ്പുസ്തകങ്ങൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുക, അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക ഒത്തുചേരലുകൾ സംഘടിപ്പിക്കുക, തദ്ദേശസ്ഥാപനം, എം.എൽ.എ. എന്നിവരുടെ സഹായം ഉറപ്പാക്കുക, പിന്തുണ നൽകാൻ ബി.ആർ.സി.-കളെ നിയോഗിക്കുക, നിരന്തര പിന്തുണയും മേൽനോട്ടവും ലഭ്യമാക്കുക, വിദ്യാലയ മികവ് സമൂഹത്തിനെ അറിയിക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, വിദ്യാലയ വികസനത്തിന് പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഫ്ലെയർ പദ്ധതി

64 (1100) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്ലെയർ (FLAIR) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly